(ഈ) ആകെയുണ്ടായ 76 പണി മുടക്കുകളിൽ 64 എണ്ണം താഴെ പറയുന്ന കേന്ദ്രസംഘടനകളുടെ നേതൃത്വത്തിൽ നടന്നു. ബാക്കി 12 തൊഴിൽ സമരങ്ങളും കേന്ദ്രസംഘടനകളുമായി Affiliate ചെയ്യാത്തയൂണിയനുകളുടെ നേതൃത്വത്തിൽ നടന്നു.

കേന്ദ്രസംഘടനകളുടെ പേരു്	പണിമുടക്കങ്ങളുടെ എണ്ണം	തൊഴിലാളികളുടെഎണ്ണം
ഐ. എൻ. ടി. യു. സി	12	1816
എ. ഐ. ടി. യു. സി	45	4947
എച്ച്. എം. എസ്	2	93
എ. ഐ. ടി. യു. സി. ഐ. എൻ. ടി. യു. സി സംഘടിതനേതൃത്വം	3	829
എ. ഐ. ടി. യു. സി. എച്ച്. എം. എസ്,	1	3800
യു. ടി. യു. സി.	1	20
	64	11505

ടാക്സി കാറുകളും.

* 388. [31] ശ്രീ. എൻ. മോസ്സുരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാക്സി കാറുകളിൽ 4 പേരിൽ കൂടുതൽ കയറാൻ പാടില്ലെന്ന നിയമം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) നാളിതുവരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകളും എടുത്തിട്ടുണ്ടു് ;

(സി) ഈ വ്യവസ്ഥമൂലം വളരെയധികം ബുദ്ധിമുട്ടു് പൊതുജനങ്ങൾക്കു് നേരിട്ടുകൊണ്ടിരിക്കുന്നതിനെ പരിഗണിച്ചു് ആയതു് ഭേദഗതി ചെയ്യുവാൻ വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവുംതൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) എല്ലാ ടാക്സിയിലും നാലു് പേരെമാത്രമെ കയറാവൂ എന്നു് നിഷ്കർഷിച്ചിട്ടില്ല. പൊതുവെ നാലു് പേരെ കയറാനാണു് രജിസ്റ്റിംഗ് അതോറിറ്റി അനുവദിക്കുന്നതു്.

(ബി) 1-1-1963 മുതൽ 31-12-1963 വരെ 1751 കേസു് പോലീസു് രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(സി) ഭേദഗതി വരുത്തേണ്ട കാര്യം ഗവണ്മെന്റിന്റെ പരിഗണയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly